# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1869 08.12.2014 -ലെ മറുപടിയ്ക്ക്

**<u>പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ ഡോക്ടർ പദവി സംബന്ധിച്ച്</u>**

*ചോദ്യം* — ശ്രീ. പി.സി. ജോർജ്

*ഉത്തരം* — ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ പേരിനൊപ്പം ഡോക്ടർ എന്ന് ചേർക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | സർവ്വകലാശാലയിൽ നിന്നും ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഉത്തരവ് നിലവിൽ ഇല്ലായെങ്കിൽ, വിദ്യാഭ്യാസ യോഗ്യതയുള്ള ഏതെങ്കിലും ജീവനക്കാരൻ ഡോക്ടർ എന്ന പദം ചേർക്കുന്നത് തടയാൻ ഡി.എം.ഒ. മാർക്ക് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. ഗിരീഷ് എന്നയാൾ ഡോക്ടർ എന്ന പദം പേരിനൊപ്പം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, ചികിൽസകനല്ലാത്ത ശ്രീ. ഗിരീഷ്, ഡോക്ടർ എന്ന പദം ഉപയോഗിക്കുന്നത് രോഗികളിൽ തെറ്റിദ്ധാരണ പരത്താൻ ഇടയാക്കുന്നതാണെന്നും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മാത്രമായ അദ്ദേഹം കൺസൾട്ടന്റ് എന്നുകൂടി ഉപയോഗിക്കുന്നത് തെറ്റാണെന്നും പി.എച്.ഡി. യുള്ള അദ്ദേഹം പേരിനൊപ്പം പി.എച്ച്.ഡി . എന്നുകൂടി കാണിക്കണമെന്നും, ജില്ലാ മെഡിക്കൽ ആഫീസർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ തസ്തികയിൽ ജോലിക്ക് പ്രവേശിച്ചപ്പോൾ ഗിരീഷ് എന്ന് മാത്രമാണ് നിയമന ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.<br><br>ഡോക്ടർ എന്ന പദം ഉപയോഗിക്കുന്നത് തടയാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരെ അനുവദിച്ചുകൊണ്ട് നിർദ്ദേശമൊന്നും സർക്കാർ നൽകിയിട്ടില്ല. |
| (സി) | ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ, ഡോക്ടർ എന്ന പദം ചേർക്കുന്നതിന് തടസ്സം ഉന്നയിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ